REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 21-03-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- റെയിൽവെ സ്റ്റേഷൻ, വിമാനത്താവളം എന്നിവയടക്കം ഗവൺമെന്റ് ഭൂമിയിലെ രാഷ്ട്രീയ പാർട്ടികളുടെ അനധികൃത പരസ്യങ്ങൾ ഉടൻ നീക്കം ചെയ്യാൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ കർശന നിർദ്ദേശം.
- തമിഴ്നാട്ടിൽ ലോക്സഭാ തെരഞ്ഞെടുപ്പിന് DMK പ്രകടനപത്രിക പുറത്തിറക്കി.
- ഇന്ത്യ യുദ്ധടാങ്കുകൾക്കായി തദ്ദേശീയമായി വികസിപ്പിച്ച, 1,500 HP എൻജിൻ മൈസൂരുവിൽ വിജയകരമായി പരീക്ഷിച്ചു.
- മാധ്യമങ്ങൾ സമ്മർദ്ദത്തിനു വഴങ്ങി തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്ന സമീപനം തിരുത്തണമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ.
- ഫിഫ പുരുഷ ലോകകപ്പ് ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്താനെ നേരിടും.

## വാർത്തകൾ വിശദമായി

റെയിൽവെ സ്റ്റേഷനുകളും, വിമാനത്താവളങ്ങളും ഉൾപ്പെടെ ഗവൺമെന്റ് ഭൂമിയിലെ രാഷ്ട്രീയ പാർട്ടികളുടെ അനധികൃത പരസ്യങ്ങൾ ഉടൻ നീക്കം ചെയ്യാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും കർശന നിർദ്ദേശം നൽകി. രാജ്യത്ത് പലയിടത്തും ഇപ്പോഴും ഇത്തരം പരസ്യങ്ങൾ കാണാനുണ്ടെന്ന പരാതികൾ പരിഗണിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്. മാതൃകാപെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാത്തതും, ഭാഗികമായി മാത്രം നടപ്പാക്കുന്നതും

ഗൗരവമായി കാണുമെന്ന് കമ്മീഷൻ വ്യക്തമാക്കി. ഇന്ന് വൈകിട്ട് അഞ്ച് മണിക്കകം നിർദ്ദേശങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകണമെന്നും തെരഞ്ഞെടുപ്പു കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

BJP നേതാവും, കേന്ദ്രമന്ത്രിയുമായ ശോഭ കരന്തലജെയ്ക്കെതിരെ കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയ്ക്ക് നിർദ്ദേശം നൽകി. തമിഴ്നാട്ടുകാരെപ്പറ്റി വിവാദ പരാമർശം നടത്തിയെന്ന പരാതിയിൽ കർണ്ണാടക ചീഫ് ഇലക്ടറൽ ഓഫീസറോട് 48 മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടു. രാമേശ്വരം കഫെ സ്ഫോടനവുമായി ബന്ധപ്പെട്ട പരാമർശം മാതൃകാപെരുമാറ്റച്ചട്ട ലംഘനമാണെന്ന് കാണിച്ച് DMK ആണ് പരാതി നൽകിയത്.

അതിനിടെ, ശോഭ കരന്തലജെ കേരളത്തെയും മലയാളികളെയും ആക്ഷേപിച്ചെന്ന് കാണിച്ച് മഹിളാകോൺഗ്രസ് സംസ്ഥാന സെക്രട്ടറി ദീപ അനിൽ സംസ്ഥാന പൊലീസ് മേധാവിയ്ക്ക് പരാതി നൽകി.

✪✪✪

തമിഴ്നാട്ടിലെ ലോക്സഭാ തെരഞ്ഞെടുപ്പിന് DMK പ്രകടനപത്രിക പുറത്തിറക്കി. ഗവർണറുടെ അധികാരം വെട്ടിക്കുറയ്ക്കുമെന്നും NEET, ഏകീകൃത സിവിൽകോഡ്, പൗരത്വഭേദഗതി നിയമം, ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്നിവ തമിഴ്നാട്ടിൽ നടപ്പാക്കില്ലെന്നും പ്രകടനപത്രികയിൽ പറയുന്നു. പെട്രോൾ, ഡീസൽ വില കുറയ്ക്കുമെന്നും, സംസ്ഥാനത്തിന്റെ സ്വയാധികാരം ശക്തിപ്പെടുത്താൻ ഭരണഘടനാ ഭേദഗതി കൊണ്ടുവരുമെന്നും, ചെന്നൈയിൽ സുപ്രീം കോടതിബെഞ്ച് സ്ഥാപിക്കുമെന്നും, പുതുച്ചേരിയ്ക്ക് സംസ്ഥാന പദവി നൽകുമെന്നും പ്രകടപത്രിക വാഗ്ദാനം ചെയ്യുന്നു. 21 മണ്ഡലങ്ങളിലെ DMK സ്ഥാനാർത്ഥികളെയും പ്രകടപത്രിക പ്രകാശനചടങ്ങിൽ പ്രഖ്യാപിച്ചു.

തമിഴ്നാട്ടിലെ മുഖ്യ പ്രതിപക്ഷമായ അണ്ണാ DMK, അന്തരിച്ച നടൻ വിജയകാന്തിന്റെ പാർട്ടി DMDK യുമായി സഖ്യധാരണയിലെത്തി. BJP പാട്ടാളിമക്കൾ കക്ഷിയുമായി സഖ്യത്തിൽ എത്തിയിട്ടുണ്ട്.

✪✪✪

ഇന്ത്യയിലെ ISIS തലവൻ ഹാരിസ് ഫറൂഖിയെയും മറ്റൊരാളെയും അസം പൊലീസ് ധുബ്രിയിൽ നിന്ന് പിടികൂടി. കേന്ദ്ര ഏജൻസികളിൽ നിന്നു ലഭിച്ച സൂചനയെത്തുടർന്നാണ് രാജ്യാന്തര അതിർത്തി കടക്കാൻ ശ്രമിക്കുന്നതിനിടെ ഇവർ അറസ്റ്റിലാതെന്ന് പൊലീസ് അറിയിച്ചു. ഇവരെ ചോദ്യം ചെയ്യാനായി ഗോഹട്ടിയിലേക്ക് കൊണ്ടുപോയതായും, ഇരുവരെയും ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറുമെന്നും ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആരംഭിക്കാനിരുന്ന രണ്ടു ദിവസത്തെ ഭൂട്ടാൻ സന്ദർശനം പാരോ വിമാനത്താവളത്തിലെ മോശമായ കാലാവസ്ഥയെ തുടർന്ന് മാറ്റിവെച്ചു. പുതുക്കിയ തീയതി ഇരു ഭാഗവും ചേർന്ന് നയതന്ത്ര തലത്തിൽ തീരുമാനിക്കുമെന്ന് വിദേശമന്ത്രാലയം അറിയിച്ചു.

✪✪✪

ഗവണ്മെന്റ് പണ ഇടപാടുകൾക്കായി എല്ലാ ബാങ്ക് ശാഖകളും മാർച്ച് 31 ന് ഞായറാഴ്ച തുറന്ന് പ്രവർത്തിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം നൽകി. നടപ്പ് സാമ്പത്തിക വർഷത്തെ ഗവണ്മെന്റ് പണ ഇടപാടുകൾക്കായി ബാങ്കുകളോട് പ്രവർത്തിക്കാൻ നിർദ്ദേശം നൽകണമെന്ന ഗവണ്മെന്റിന്റെ അഭ്യർത്ഥന പ്രകാരമാണ് നടപടി.

✪✪✪

ഇന്ത്യ യുദ്ധടാങ്കുകൾക്കായി തദ്ദേശീയമായി വികസിപ്പിച്ച, 1,500 HP എൻജിൻ ഇന്നലെ മൈസൂരുവിൽ വിജയകരമായി പരീക്ഷിച്ചു. പർവത-മരുഭൂമി മേഖലകളിലും, മഞ്ഞുമൂടിയ പ്രദേശങ്ങളിലും ഉൾപ്പെടെ ദുർഘട പ്രദേശങ്ങളിൽ അനായാസം ഉപയോഗിക്കാവുന്ന തരത്തിലാണ് എൻജിന്റെ നിർമ്മാണം. ടാങ്ക് നിർമ്മാണത്തിൽ സ്വയംപര്യാപ്തതയിലേക്ക് ഒരു ചുവടുകൂടി മുന്നോട്ടു പോകുന്ന വിജയമാണിതെന്ന് രാജ്യരക്ഷാ സെക്രട്ടറി ഗിരിധർ അരമനെ വിലയിരുത്തി. അടുത്ത വർഷത്തോടെ BEML എൻജിനുകളുടെ ഉത്പാദനം ആരംഭിക്കും.

✪✪✪

പ്രസ് ഇൻഫർമേഷൻ ബ്യൂറോയെ വസ്തുതാപരിശോധനാ യൂണിറ്റായി നിയോഗിച്ചു. ഗസറ്റ് വിജ്ഞാപനത്തിലാണ് ഇലക്ട്രോണിക്സ്, IT മന്ത്രാലയം ഇക്കാര്യമറിയിച്ചത്.

✪✪✪

മാധ്യമങ്ങൾ സമ്മർദ്ദത്തിനു വഴങ്ങി തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്ന സമീപനം തിരുത്തണമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ പറഞ്ഞു. നിയമസഭാ മാധ്യമ അവാർഡുകൾ ശങ്കരനാരായണൻ തമ്പി ഹാളിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിയ്ക്കാൻ മാധ്യമങ്ങൾ തയ്യാറാകണമെന്നും സ്പീക്കർ നിർദ്ദേശിച്ചു.

✪✪✪

കണ്ണൂർ പാർലമെൻറ് മണ്ഡലത്തിലെ മൂന്ന് സ്ഥാനാർത്ഥികളും പ്രചാരണം ഊർജ്ജിതമാക്കി. UDF സ്ഥാനാർത്ഥി K .സുധാകരൻ ഇന്ന് ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽ പര്യടനം നടത്തും.

LDF സ്ഥാനാർഥി M.V ജയരാജൻ പേരാവൂർ നിയമസഭാ മണ്ഡലത്തിലാണ് ഇന്ന് പര്യടനം നടത്തുന്നത്.

NDA സ്ഥാനാർത്ഥി C രഘുനാഥ് രാവിലെ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ നിന്ന് പര്യടനം ആരംഭിക്കും.

✪✪✪

കൊല്ലം ലോക്സഭാമണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണം കനത്തചൂടിലും പുരോഗമിക്കുകയാണ്. NDA സ്ഥാനാർത്ഥി കൂടി എത്തുന്നതോടെ പ്രചാരണരംഗം കൂടുതൽ ചൂടുപിടിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.

……………വോയ്സ്………………

✪✪✪

കോഴിക്കോട് ജില്ലയിൽ ഇന്നലെ ഫ്ളയിങ് സ്ക്വാഡും, ആന്റി ഡീഫേസ്മെന്റ് സ്ക്വാഡും ചേർന്ന് 3,717 പോസ്റ്ററുകളും, ബാനറുകളും നീക്കംചെയ്തു. പൊതുസ്ഥലങ്ങളിലെ 3,352 അനധികൃത പ്രചാരണ സാമഗ്രികളും, സ്വകാര്യ സ്ഥലങ്ങളിലെ 365 പ്രാചരണ സാമഗ്രികളും, ചുവരെഴുത്തും സംഘം ഒഴിവാക്കി. ഇതുവരെ കോഴിക്കോട് ജില്ലയിൽ 11,823 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് നിരീക്ഷണത്തിന് പാലക്കാട്, തൃത്താല നിയോജകമണ്ഡലങ്ങളിൽ അസിസ്റ്റന്റ് എക്സ്പെൻഡിച്ചർ ഒബ്സർവർമാരെ നിയോഗിച്ചു. ഒറ്റപ്പാലം, നെന്മാറ നിയോജകമണ്ഡലങ്ങളിൽ വീഡിയോ റെക്കോർഡിംഗ് ടീമിലേക്കും ഉദ്യോഗസ്ഥരെ നിയോഗിച്ചു.

✪✪✪

കണ്ണൂർ ജില്ലയില ലോക്സഭ തെരഞ്ഞെടുപ്പ് സുതാര്യവും സുഗമവുമായി നടത്താൻ ക്രമീകരണങ്ങൾ പൂർത്തിയായതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ അരുൺ K വിജയൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. മാതൃകാ പെരുമാറ്റച്ചട്ട ലംഘനം, ചെലവുകണക്കുകൾ എന്നിവ നിരീക്ഷിക്കാൻ ജില്ലയിൽ 66 സ്ക്വാഡുകൾ

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 20 ലക്ഷത്തി54,158 വോട്ടർമാരാണ് കണ്ണൂർ ജില്ലയിലുണ്ടെന്നും കലക്ടർ അറിയിച്ചു.

✪✪✪

ജൂലൈ ഏഴിന് നടത്താൻ നിശ്ചയിച്ചിരുന്ന നീറ്റ് PG പരീക്ഷ നേരത്തെയാക്കി ജൂൺ 23 ലേക്ക് മാറ്റി. എന്നാൽ നീറ്റ് PG യോഗ്യതക്കാവശ്യമായ ഇന്റേൺഷിപ്പിന്റെ കട്ട് ഓഫ് തിയതി ഓഗസ്റ്റ് 15 തന്നെയായിരിക്കുമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ അറിയിച്ചു. ഫലം ജൂലൈ 15ന് പ്രഖ്യാപിക്കും. സെപ്തംബർ 16-ന് ക്ലാസുകൾ ആരംഭിക്കും.

പൊതു തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ മെയ് 24-ന് നിശ്ചയിച്ചിരുന്ന ശ്രേഷ്ഠ - നെറ്റ്സ് -2024 പരീക്ഷ മെയ് 11-ന് നടത്തുമെന്നും നാഷണൽ ടെസ്റ്റിങ് ഏജൻസി അറിയിച്ചു.

✪✪✪

ഫിഫ പുരുഷ ലോകകപ്പ് ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്താനെ നേരിടും. സൗദി അറേബ്യയിൽ രാത്രി 12.30നാണ് മത്സരം.

✪✪✪

IPL ട്വിന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മത്സരങ്ങൾ നാളെ ആരംഭിക്കും. ചെന്നൈയിലെ ചിദംബരം സ്റ്റേഡിയത്തിൽ ഉദ്ഘാടന മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

✪✪✪

പ്രൈം വോളിബോൾ ലീഗ് ഫൈനലിൽ ഇന്ന് കാലിക്കറ്റ് ഹീറോസ്, ഡൽഹി തൂഫാൻസുമായി ഏറ്റുമുട്ടും. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ വൈകിട്ട് ആറരക്കാണ് മത്സരം. ലീഗിലെ ചാമ്പ്യന്മാർ ലോക ക്ലബ് ചാമ്പ്യൻഷിപ്പിന് യോഗ്യത നേടും.

✪✪✪

സ്വിസ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ജപ്പാൻ താരത്തെ തോൽപ്പിച്ച്, ഇന്ത്യയുടെ കിരൺ ജോർജ്ജ് പ്രീക്വാർട്ടറിൽ പ്രവേശിച്ചു. മറ്റൊരു മത്സരത്തിൽ ഹോങ്കോങ് താരത്തെ പരാജയപ്പെടുത്തി പ്രിയാൻഷു രജാവത്തും പ്രീക്വാർട്ടറിലെത്തി. നേരത്തെ പ്രീക്വാട്ടറിലെത്തിയ കിഡംബി ശ്രീകാന്ത് ഇന്ന് മലേഷ്യൻ താരവുമായും ലക്ഷ്യ സെൻ തായ്‌വാൻ താരവുമായും ഏറ്റുമുട്ടും.

പ്രീക്വാർട്ടറിലെത്തിയ P.V സിന്ധു ഇന്ന് രണ്ടാം റൗണ്ടിൽ ജപ്പാൻ താരത്തെ നേരിടും.

✪✪✪

ഉണ്ണികൃഷ്ണൻ പുതൂർ സ്മാരക ട്രസ്റ്റ് ആന്റ് ഫൗണ്ടേഷന്റെ കഴിഞ്ഞ വർഷത്തെ പുതൂർ പുരസ്കാരത്തിന് കഥാകൃത്ത് വൈശാഖനെ തെരഞ്ഞെടുത്തു. പുതൂരിന്റെ പത്താം ചരമ വാർഷിക ദിനമായ ഏപ്രിൽ രണ്ടിന് തൃശൂരിൽ 11,111 രൂപയും, വെങ്കലശില്പവും, പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം സമ്മാനിക്കുമെന്ന് ട്രസ്റ്റ് ചെയർമാൻ ഷാജു പുതൂരും, ഫൗണ്ടേഷൻ കൺവീനർ ജനു ഗുരുവായൂരും അറിയിച്ചു.

✪✪✪

കൊല്ലത്ത് കടലിൽ കുളിക്കാനിറങ്ങി തിരയിൽപ്പെട്ട വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനിടെ യുവാവ് മുങ്ങി മരിച്ചു. പുനലൂർ കാഞ്ഞിരമല സ്വദേശി അൻസർ എന്ന 32 കാരനാണ് മരിച്ചത്. പരവൂർ പൊഴിക്കര ക്ഷേത്രത്തിന് സമീപം പൊഴിമുഖത്ത് കുളിക്കുന്നതിനിടെ തിരയിൽപ്പെട്ട രണ്ട് വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനിടെയായിരുന്നു അപകടം.

✪✪✪

പത്തനംതിട്ട കോന്നി തണ്ണിത്തോട് ഏഴാംതലയിൽ ഒരാൾ കാട്ടാനയുടെ ചവിട്ടേറ്റ് മരിച്ചു. ഏഴാംതല സ്വദേശി ദിലീപാണ് മരിച്ചത്. ദിലീപും സുഹൃത്തും പുഴയിൽ മീൻ പിടിക്കാൻ പോയപ്പാഴായിരുന്നു സംഭവം.

✪✪✪

ലോക ഡൗൺ സിൻഡ്രോം ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിൽ ജീവിതവിജയം കൈവരിച്ച ഡൗൺ സിൻഡ്രോം കുട്ടികളുടെ അമ്മമാരുമായി സംവദിക്കാൻ അവസരം ലഭിക്കും. 'നിഷി'ൽ രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് പന്ത്രണ്ടര വരെയാണ് പരിപാടി.

✪✪✪